"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ കല്ലാംപറ്റയിൽ ശ്രീമതി ആശാ പ്രകാശിന് ലൈഫ് ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1872/2024/LSGD തീയതി,തിരുവനന്തപുരം, 08-10-2024

പരാമർശം:-

1 ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 13/07/2023 ലെ സാധാരണ/ അടിയന്തര മീറ്റിംഗിലെ 3(1)ാം നമ്പർ തീരുമാനം

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 13/08/2024-ലെ യോഗത്തിന്റെ ഖണ്ഡിക (4.5) തീരുമാനം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ കല്ലാംപറ്റയിൽ ശ്രീമതി ആശാ പ്രകാശ് ലൈഫ് 2020 ൽ ഭൂരഹിത ഭവന രഹിത പദ്ധതിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാരിക്ക് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന ഭൂമി ലഭിച്ചിരുന്നു. എന്നാൽ സോഫ്റ്റ്വെയറിന്റെ സാങ്കേതിക തകരാറിനാൽ അപേക്ഷകയുടെ പേരു വിവരം സോഫ്റ്റ്വെയറിൽ ലഭ്യമായിട്ടില്ല. ടിയാരി ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിച്ച ഹർജ്ജിയിൽ, ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളതായി കാണുന്നതിനാൽ സാങ്കേതിക പ്രശ്നം പരിഹരിച്ച് ടിയാരിക്ക് ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിനായി സർക്കാരിനെ സമീപിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ബഹു. ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിച്ചു. ടിയാരിയെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് സർക്കാർ അനുമതി തേടാവുന്നതാണെന്ന പരാമർശം 1 ഒറ്റൂർ ഗ്രാമപഞ്ചായത്ത് യോഗ തീരുമാനം അനുമതിയ്ക്കായി സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13/08/2024-ലെ യോഗം ഈ വിഷയം പരിശോധിച്ചു. സാങ്കേതികമായി സംഭവിച്ച പിഴവ് തിരുത്തി, തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ കല്ലാംപറ്റയിൽ ശ്രീമതി ആശാ പ്രകാശ് -നെ ലൈഫ് ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം

നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ഒറ്റൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി ആശ പ്രകാശ്( ഒറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 09-10-2024 12:00:49
സെക്ഷൻ ഓഫീസർ